# അരയനവോത്ഥാനവും ആധുനികകേരളവും

**ഡോ.ഗായത്രി കെ.പി.**
മലയാളവിഭാഗം, സെന്റ്സേവ്യേഴ്സ് കോളേജ് ഫോർ വിമൻ, ആലുവ

കേരളത്തിൽ നവോത്ഥാനം, ആധുനികീകരണം എന്നീ പ്രക്രിയകൾ പരസ്പരപൂരകങ്ങളായാണ് വളർന്നുവന്നത്. ആധുനികീരണത്തിന് വഴിയൊരുക്കിയ പല സാംസ്കാരികഘടകങ്ങളും നവോത്ഥാനപ്രക്രിയയുടെയും അന്തർധാരയായി വർത്തിക്കുന്നുണ്ടെന്നുകാണാം. ആധുനിക കേരളത്തിന്റെ രൂപീകരണത്തിനു വഴിയൊരുക്കിയത് സാമൂഹികനവോത്ഥാന പ്രക്രിയയാണ്. പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിൽ സംഭവിച്ച ഈ തുടർപ്രക്രിയയിൽ പ്രാധാന്യമർഹിക്കുന്നവയാണ് സമുദായപരിഷ്കരണ പ്രവർത്തനങ്ങൾ. വിവിധജാതികളും അതിൽത്തന്നെ അനേകം ഉപജാതികളുമായി പരസ്പരബന്ധം പുലർത്താതെ കഴിഞ്ഞിരുന്ന കേരളജനതയ്ക്ക് പുതുദിശാബോധം നല്കുന്നതിന് ഇതിടയാക്കി. കോളനിവത്കരണത്തിന്റെ അനന്തരഫലങ്ങളായ ആധുനിക വിദ്യാഭ്യാസ പദ്ധതിയും മിഷനറിമാരുടെ മതപരിവർത്തന ശ്രമങ്ങളും അതിനെത്തുടർന്നുണ്ടായ സാമൂഹ്യമാറ്റങ്ങളും അവശജനവിഭാഗങ്ങളിൽ അവകാശ ബോധമുണർത്തുന്നതിനും നവോത്ഥാന പ്രക്രിയയിലേയ്ക്ക് സമൂഹത്തെ നയിക്കുന്നതിനും നിമിത്തമായി. കേരളനവോത്ഥാനത്തെ പലതലങ്ങളിൽ സംഭവിച്ച ഒരു വിമോചനമായി കാണുന്ന എം.എൻ. വിജയൻ, ഉല്പാദനോപകരണങ്ങളുടെ സ്വഭാവത്തിൽ വന്ന മാറ്റത്തെ അതിന്റെ അടിസ്ഥാനകാരണമായി നിരീക്ഷിക്കുന്നുണ്ട്(2000:18). സമൂഹത്തിലും സാഹിത്യത്തിലും പല രീതിയിലുണ്ടായ മാറ്റങ്ങളാണ് നവോത്ഥാന പ്രക്രിയയിലൂടെ വെളിവാകുന്നത്. അരയൻ, വാലൻ, മുക്കുവൻ, നുളയൻ, അരയവാത്തി എന്നിങ്ങനെ പലപേരുകളിലറിയപ്പെട്ടിരുന്ന അരയജനവിഭാഗങ്ങൾക്കിടയിലുണ്ടായ നവോത്ഥാനപ്രക്രിയയെ വിശദീകരിക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

അരയ നവോത്ഥാനം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ് അരയവിഭാഗങ്ങൾക്കിടയിൽ സമൂഹനവീകരണപ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. തിരുവിതാംകൂറിൽ എസ്.എൻ.ഡി.പി. യോഗവും (1903) അതിന്റെ പിന്നാലെ അയ്യങ്കാളിയുടെ സാധുജനപരിപാലനയോഗവും (1907) രൂപം കൊണ്ടതിനെത്തുടർന്ന് ഉല്പതിഷ്ണുക്കളായ അരയയുവാക്കൾക്കിടയിൽ സമൂഹപരിഷ്കരണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയുണ്ടായി. "1907 എന്ന വർഷം കേരള നവോത്ഥാനചരിത്രത്തിൽ ശ്രദ്ധേയമായ ഒന്നാണ്. ആ വർഷത്തിലാണ് 1914-ൽ രജിസ്റ്റർ ചെയ്ത നായർ സർവ്വീസ് സൊസൈറ്റിയുടെ പൂർവ്വഗാമിയായ കേരളീയ സമാജവും അയ്യങ്കാളിയുടെ സാധുജനപരിപാലനസംഘവും രൂപംകൊണ്ടത്. നവോത്ഥാന സാഹിത്യത്തിന്റെ പ്രഥമ ശംഖനാദം മുഴക്കിയ മഹാകവി കുമാരനാശാന്റെ വീണപൂവ് പുറത്തുവന്നതും ആ വർഷം തന്നെ. ആ വർഷത്തിലാണ് അരയരുടെ പ്രഥമ സംഘടനാരൂപമായ അരയസമാജം സ്ഥാപിക്കപ്പെട്ടത്" (ഗോവിന്ദപ്പിള്ള, 2003: 199). പ്രഥമ അരയസംഘടനയെക്കുറിച്ച് ഗോവിന്ദപിള്ള ഇങ്ങനെ പറയുന്നുണ്ടെങ്കിലും അതിന്റെ സംഘാടകരെക്കുറിച്ചോ പ്രവർത്തനങ്ങളെക്കുറിച്ചോ വിശദീകരണം നല്കുന്നില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ മലബാർ മേഖലയിലെ വിദ്യാസമ്പന്നരായ അരയസമുദായാംഗങ്ങളിൽ ചിലർക്ക് സർക്കാർ വകുപ്പുകളിൽ ഉന്നതസ്ഥാനങ്ങൾ ലഭിക്കുകയുണ്ടായി. ഡോക്ടർ എം.സി. കോമൻ, എം.സി. ബാലചന്ദ്രൻ കോമൻ ഐ.സി.എസ്, വിജയലക്ഷ്മി കോമൻ എം.എ., ഡിസ്ട്രിക്ട് രജിസ്ട്രാർ കേശവൻ, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായ റാവു ബഹദൂർ വി. ഗോവിന്ദൻ, മജിസ്ട്രേട്ടായിരുന്ന കുഞ്ഞിരാമൻ, ഡോക്ടർ വി. ജാനകി, റാവുസാഹേബ് പി.വി. ഗോപാലൻ തുടങ്ങിയവർ പൊതുസമൂഹത്തിൽ അംഗീകാരം നേടിയ വ്യക്തികളാണ്. ഇവരിൽ വി. ഗോവിന്ദനും പി.വി. ഗോപാലനുമാണ് സമൂഹനവീകരണം ലക്ഷ്യമാക്കി പ്രവർത്തിച്ചവർ.

അരയസമുദായത്തിലെ ആദ്യത്തെ ബിരുദധാരിയാണ് റാവു ബഹദൂർ വി. ഗോവിന്ദൻ (1869-1931). 1912-13 കാലത്ത് ജർമ്മനി, നോർവേ തുടങ്ങിയ പശ്ചിമയൂറോപ്യൻ രാജ്യങ്ങൾ സന്ദർശിച്ച് അവിടങ്ങളിലെ മത്സ്യവ്യവസായത്തിന്റെ രീതികളെക്കുറിച്ച് പഠനം നടത്തിയ വി.ഗോവിന്ദൻ മദിരാശി സംസ്ഥാനത്ത് സർ. ഫ്രെഡറിക് നിക്കോൾസണിന്റെ[1] കീഴിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ജോലി ചെയ്യുകയുണ്ടായി. മലബാർ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ

പുരോഗതിക്കുവേണ്ടി പല പദ്ധതികളും ആവിഷ്കരിക്കാൻ ഈ അവസരത്തിൽ അദ്ദേഹത്തിനു കഴിഞ്ഞു. മത്സ്യം ഉപ്പിട്ടുണക്കുന്നതിനായി സ്ഥാപിച്ച ഫിഷ് ക്യൂറിങ്ങ് യാർഡുകൾ സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾ നല്കുകയും അത് ധനസമ്പാദനത്തിന് ഒരു പരിധിവരെ സഹായകമാകുകയും ചെയ്തു. മലബാറിന്റെ തെക്കേ അറ്റത്ത് കയ്പമംഗലം മുതൽ വടക്ക് കുമ്പള വരെയുള്ള തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷറീസ് സ്കൂളുകളും സഹകരണസംഘങ്ങളും ഗോവിന്ദൻ സ്ഥാപിക്കുകയുണ്ടായി. പ്രാഥമികവിദ്യാഭ്യാസം നേടുന്ന യുവാക്കൾക്ക് തുടർപഠനത്തിനായി കോഴിക്കോട് ഒരു ഫിഷറീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അദ്ദേഹം സ്ഥാപിച്ചു. അവിടുന്ന് ഫിഷറീസ് സയൻസിലും ഇതരവിഷയങ്ങളിലും മൂന്നുവർഷത്തെ പരിശീലനം പൂർത്തിയാക്കിയ പലരും പിന്നീട് ഫിഷറീസ് സ്കൂളുകളിൽ അധ്യാപകരായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഫിഷറീസ് സ്കൂളുകളിൽ സൗജന്യ വിദ്യാഭ്യാസം നല്കുന്നതിനോടൊപ്പം അവിടെനിന്നും നല്ല രീതിയിൽ പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് സൗജന്യമായി ഉന്നതബിരുദം സമ്പാദിക്കുന്നതിനും അവസരം ലഭിച്ചിരുന്നു. മീൻപിടുത്തം ആദായകരമായ തൊഴിലാക്കി മാറ്റണമെങ്കിൽ അതിനെ ഫാക്ടറി വ്യവസായമാക്കി മാറ്റണമെന്നു മനസ്സിലാക്കിയ ഗോവിന്ദന്റെ പ്രവർത്തനഫലമായി 1920-കളിൽ താനൂരും ചാലിയത്തും രണ്ട് ഫിഷറീസ് ഫാക്ടറികൾ സ്ഥാപിക്കുകയുണ്ടായി. ഉപ്പിട്ട മത്സ്യം പുകയിൽ ഉണക്കിയെടുക്കുന്നതിനും മത്തിയിൽ നിന്ന് എണ്ണ ഉത്പാദിപ്പിക്കുന്നതിനുമാണ് പ്രധാനമായും താനൂർ ഫാക്ടറി പ്രയോജനപ്പെടുത്തിയത്. ചാലിയത്താകട്ടെ മത്തി, ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങൾ കേടാവാതെ ടിന്നുകളിലാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നു. മത്സ്യബന്ധനത്തിനാവശ്യമായ ബോട്ടുകളും വലകളും അവിടെ നിർമ്മിച്ചിരുന്നു (ഗോപാലകൃഷ്ണൻ, 1973: 1295-1296).

പി.വി. ഗോപാലൻ മലബാറിലെ ആദ്യത്തെ ലേബർ ഓഫീസറായി പ്രവർത്തിച്ച വ്യക്തിയാണ്. പിന്നീട് മദിരാശി പ്രവിശ്യയിലെ പിന്നോക്ക സമുദായങ്ങളെ പ്രതിനിധീകരിച്ച് എം.എൽ.സി. ആയി സേവനം അനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശ്രമഫലമമായി മലബാറിലുടനീളം ലേബർ സ്കൂളുകൾ സ്ഥാപിക്കുകയും തൊഴിൽ ചെയ്യുന്ന യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനായി നിശാപാഠശാലകൾ ആരംഭിക്കുകയും ചെയ്തു. പഠനത്തിന് പിന്നോക്ക വിദ്യാർത്ഥികൾക്ക് അമ്പതുശതമാനം ഫീസ് സൗജന്യവും ലേബർ സ്കോളർഷിപ്പുകളും ലഭ്യമാക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ശ്രമഫലമായാണ് (ഗോപാലകൃഷ്ണൻ, 1973: 1296).

ലഭ്യമായ ചരിത്രരേഖകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് നവോത്ഥാന കാലഘട്ടത്തിൽ മലബാർ മേഖലയിലെ അരയസമുദായാം ഗങ്ങൾക്കിടയിൽ സമൂഹ പരിഷ്കരണം ലക്ഷ്യമാക്കി പ്രവർത്തിച്ചവരിൽ പ്രമുഖർ റാവു ബഹദൂർ വി. ഗോവിന്ദനും റാവു സാഹേബ് പി.വി. ഗോപാലനുമാണെന്നാണ്. ഇവരിൽ വി. ഗോവിന്ദൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനമാണ് ലക്ഷ്യമാക്കിയത്. പി.വി.ഗോപാലൻ പിന്നോക്ക ജനവിഭാഗങ്ങളുടെ മൊത്തത്തിലുള്ള പുരോഗതിക്കാണ് ഊന്നൽ നല്കിയതെന്നു കാണാം.

കൊച്ചിയിൽ സമുദായസേവനത്തിനായി മുന്നിട്ടിറങ്ങിയവരിൽ പ്രധാനികൾ പണ്ഡിറ്റ് കെ.പി. കറുപ്പൻ, പി.കെ. ഡീവർ, ആനന്ദയോഗി എന്നിവരാണ്. ഇവരിൽ പ്രഥമഗണനീയനായ കെ.പി. കറുപ്പന് സംസ്കൃതാധ്യാപകൻ, മഹാരാജാസ് കോളേജിലെ മലയാളവിഭാഗം അധ്യാപകൻ, നാട്ടുഭാഷാ സൂപ്രണ്ട്, കൊച്ചിയിലെ പ്രാഥമിക വിദ്യാഭ്യാസപരിഷ്കരണകമ്മിറ്റിയുടെ സെക്രട്ടറി, മദ്രാസ് യൂണിവേഴ്സിറ്റിയിൽ പൗരസ്ത്യ ഭാഷാപരീക്ഷാബോർഡ് മെമ്പർ, ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നതിനുള്ള അവസരം ലഭിച്ചു. താൻ ജനിച്ചു വളർന്ന വാല സമുദായത്തിന്റെ അവശതകൾ പരിഹരിക്കുന്നതിനായി പ്രാദേശികാടിസ്ഥാനത്തിൽ പല സംഘടനകൾക്കും അദ്ദേഹം നേതൃത്വം വഹിക്കുകയുണ്ടായി. 1910-ൽ തേവരയിൽ വാലസമുദായ പരിഷ്കരണസഭ സ്ഥാപിച്ചുകൊണ്ടാണ് അതിന് ആരംഭം കുറിച്ചത്. തുടർന്ന് ആനാപ്പുഴയിലെ കല്യാണദായിനി സഭ, ഇടക്കൊച്ചിയിലെ ജ്ഞാനോദയം സഭ, കുമ്പളത്ത് സന്മാർഗ്ഗ പ്രദീപ സഭ, അയ്യമ്പിള്ളിയിലെ സുധർമ്മോദയം സഭ, വടക്കൻ പറവൂരിലെ പ്രബോധചന്ദ്രോദയം സഭ എന്നിവ കറുപ്പന്റെ ശ്രമഫലമായി രൂപംകൊണ്ട സംഘടനകളാണ്.

അരയരുടെ ഇടയിൽ മാത്രമല്ല, കൊച്ചിയിലെ പുലയജനവിഭാഗങ്ങളിൽ അവകാശബോധം ഉണർത്തുന്നതിനും അവരെ സംഘടിപ്പിക്കുന്നതിനും അദ്ദേഹം പരിശ്രമിക്കുകയുണ്ടായി. ജാതീയമായ അവശതയും അടിമത്തവും അനുഭവിച്ചിരുന്ന അവരെ ഒരുമിപ്പിച്ച് ശക്തരാക്കുക വഴി സാമൂഹ്യരംഗത്ത് വിപ്ലവാത്മകമായ മുന്നേറ്റമുണ്ടാ ക്കുകയാണ് അദ്ദേഹം ചെയ്തത്. കറുപ്പന്റെ ഈ ശ്രമത്തെ കെ.എ. കൃഷ്ണൻ ഇങ്ങനെ വിശദീകരിക്കുന്നു.

'ഇന്നത്തെപ്പോലെയുള്ള പൊതുസ്ഥലവും സൗകര്യവും ഇല്ലാതിരുന്നതുകൊണ്ടും ഉണ്ടായിരുന്ന സ്ഥലങ്ങളിലൊക്കെതന്നെ അധഃകൃതർക്ക് പ്രവേശനം നിഷേധിച്ചിരുന്നതുകൊണ്ടും പുതിയൊരു വേദി

എവിടെയെങ്കിലും കണ്ടുപിടിച്ചാൽ അതനുവദിച്ചുകൊടുക്കാനുള്ള ദാക്ഷിണ്യമൊന്നും അക്കാലത്തെ 'തമ്പ്രാക്കന്മാർ' കാണിക്കാതിരുന്നതുകൊണ്ട് യോഗം ചേരാനുള്ള വേദിയായി പണ്ഡിറ്റ് കറുപ്പൻ തെരഞ്ഞെടുത്തത് എറണാകുളം കായലും കുറേ വള്ളങ്ങളുമായിരുന്നു. കായൽ മദ്ധ്യത്തിൽ വള്ളങ്ങൾ കൂട്ടിയിട്ട് പലക നിരത്തി പ്ലാറ്റ്ഫോറവും മറ്റ് സൗകര്യങ്ങളുമുണ്ടാക്കിയശേഷം യോഗംകൂട്ടുകയും ശ്രോതാക്കളെ അവർക്ക് ദഹിക്കുന്ന ഭാഷയിൽ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി സംഘടിച്ചാലുണ്ടാകാവുന്ന ഗുണങ്ങളെപ്പറ്റി പല ഉദാഹരണങ്ങളും തെളിവുകളും പറഞ്ഞുകൊടുത്ത് പുലയരെ ഒരുവിധം ബോധവാന്മാരാക്കുകയും അങ്ങനെ അത്തരത്തിലുള്ള യോഗങ്ങൾ കൂടിക്കൂടി ഒടുവിൽ സമസ്ത കൊച്ചി പുലയ മഹാസഭയ്ക്ക് രൂപം നല്കുകയും ചെയ്തു''(കൃഷ്ണൻ, 1981 : 43).

സാമൂഹിക പരിഷ്കർത്താക്കൾക്ക് യോഗവും മറ്റും സംഘടിപ്പിക്കുന്നതിന് നേരിടേണ്ടിവരുന്ന വിഷമതകളിലേയ്ക്ക് ഈ ഉദ്ധരണി ശ്രദ്ധക്ഷണിക്കുന്നുണ്ട്. പണ്ഡിറ്റ് കറുപ്പന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് സഹായിയായി വർത്തിച്ചത് സുഹൃത്തും സാഹിത്യകാരനുമായ ടി.കെ. കൃഷ്ണമേനോനായിരുന്നു.

ജാതീയമായ പീഡനങ്ങൾക്കെതിരായി ശക്തമായ ഭാഷയിൽ തൂലിക ചലിപ്പിച്ച സാഹിത്യകാരൻ കൂടിയായിരുന്നു കെ.പി. കറുപ്പൻ. ബാലാകലേശം, ഉദ്യാനവിരുന്ന്, ജാതിക്കുമ്മി എന്നിവ അതിനു നിദർശനങ്ങളാണ്. ശങ്കരാചാര്യരുടെ മനീഷാപഞ്ചകം എന്ന ലഘുകാവ്യത്തിന്റെ സ്വതന്ത്രവിവർത്തനമാണ് 1912-ൽ രചിച്ച ജാതിക്കുമ്മി. മനീഷാപഞ്ചകത്തിലെ ആശയത്തെ മുറുകെപ്പിടിച്ചുകൊണ്ട് പണ്ഡിറ്റ് കറുപ്പൻ ജാതിചിന്തയുടെ അർത്ഥശൂന്യതയെ നോക്കിക്കാണുന്നു.

'സ്മൃതികളെഴുതിയ മാമുനിമാർ അതിൽ 'തീണ്ടിച്ചട്ടം' തിരുകിവച്ചിട്ടില്ല. എങ്കിൽ പിന്നെ മലയാളത്തിലെ പാവങ്ങളുടെ തലയ്ക്കുമീതെ ആരീ കണ്ടകോടാലി കെട്ടിത്തൂക്കി എന്ന് കവി ചോദിക്കുന്നു. എന്നിട്ട് തൊട്ടടുത്ത തമിഴനോട് കേരളത്തെ തട്ടിച്ചുനോക്കി പാണ്ടിനാട്ടിൽ തീണ്ടിക്കളി എന്ന ആചാരമില്ലെന്നും രണ്ടുമാസം താനവിടെ ചുറ്റിനടന്നിട്ടും ആരും തന്നോട് വഴിമാറാൻ പറഞ്ഞു ശണ്ഠക്കു വന്നില്ലെന്നും കവി സൂചിപ്പിക്കുന്നു. ഹിന്ദുസ്ഥാനത്തെ അധിവസിക്കും ഹിന്ദുക്കളൊക്കെ ഒരുപോലെയാണെന്നും എന്നാൽ എന്തൊരു കഷ്ടം മലയാളത്തിൽ മാത്രം ഈ വൈതരണി നിലനില്ക്കുന്നല്ലോ എന്നും അദ്ദേഹം വ്യാകുലപ്പെടുന്നു. ജപ്പാനിലെങ്ങാനും തീണ്ടലുണ്ടോ അദ്ദേഹം ചോദിക്കുന്നു.

യാപ്പാണത്തുണ്ടോ സീലോണിലുണ്ടോ? അവിടങ്ങളിലൊന്നുമില്ല, എന്നിട്ടും എന്തു കോപ്രായമാണിത് എന്ന ചോദ്യം ഫ്യൂഡൽ വ്യവസ്ഥയുടെ നേരെ കവി തൊടുത്തുവിടുന്നു" (വാലത്ത്, 1985 : 60).

തീണ്ടൽ, തൊടീൽ മുതലായ അനാചാരങ്ങളെ ചോദ്യംചെയ്യുന്ന കറുപ്പന്റെ ഈ കൃതി പുരോഗമനേച്ഛുക്കളായ ജനങ്ങളെ പ്രചോദിപ്പിച്ചിരുന്നു. 1912-ൽ കൊച്ചിരാജാവിന്റെ ഷഷ്ഠിപൂർത്തി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ നാടകമത്സരത്തിൽ പ്രഥമസ്ഥാനത്തിനർഹമായ കൃതിയാണ് ബാലാകലേശം (1913). കൊച്ചിരാജ്യത്തെ ബാല എന്ന നായികയായും കൊച്ചിരാജാവിനെ കലേശൻ എന്ന നായകനായും കല്പിച്ചുകൊണ്ട് രചിക്കപ്പെട്ട പുരോഗമനപരമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന ഈ നാടകം പത്രമാസികകളിലൂടെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള നിശിതമായി വിമർശിച്ചപ്പോൾ ടി.കെ. കൃഷ്ണമേനോൻ നാടകത്തിനനുകൂലമായി നിലപാടുകളുമായി രംഗത്തെത്തി. അത് തുടർ ചർച്ചകൾക്ക് വഴിയൊരുക്കുകയും പിന്നീട് ഈ സംവാദം ബാലാകലേശവാദം[2] എന്ന പേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. രാജസ്തുതിയുടെ മറവിൽ ജാതിചൂഷണങ്ങൾക്കെതിരായി രൂപം കൊണ്ട സാമൂഹിക വിമർശനനാടകമാണ് ബാലാകലേശം എന്നു പറയാം. 1926-ൽ കൊച്ചി സന്ദർശിച്ച ഘോഷൺ പ്രഭുവിന് രാജാവ് നൽകിയ സൽക്കാര ചടങ്ങിൽ, ഇതര നിയമസഭാംഗങ്ങളെയെല്ലാം ക്ഷണിച്ചിട്ടും എം.എൽ.സി. ആയിരുന്ന കറുപ്പനെ ക്ഷണിക്കാതിരുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് അദ്ദേഹം രാജാവിന് സമർപ്പിച്ച കൃതിയാണ് ഉദ്യാനവിരുന്ന് (1931). അരയപാരമ്പര്യത്തെ ഓർമ്മിപ്പിച്ചുകൊണ്ട് അയിത്ത ചിന്തയുടെ അർത്ഥ ശൂന്യതയിലേയ്ക്കാണ് ഈ കൃതി വിരൽ ചൂണ്ടുന്നത്. മറ്റു പല കൃതികളും[3] കറുപ്പൻ രചിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ജാതിക്കുമ്മി, ബാലാകലേശം, ഉദ്യാനവിരുന്ന് എന്നീ കൃതികളാണ് കേരള നവോത്ഥാനത്തിന് ഉണർവ് പകർന്നുനല്കിയത്.

പണ്ഡിറ്റ് കെ.പി. കറുപ്പന്റെ പാത പിൻതുടർന്നുകൊണ്ട് സാമൂഹ്യസേവനരംഗത്തേയ്ക്ക് കടന്നുവന്നയാളാണ് പി.കെ. ഡീവർ എന്നറിയപ്പെടുന്ന പി. കൃഷ്ണൻ ധീവരൻ (1901-1989). എറണാകുളം മഹാരാജാസ് ഹൈസ്കൂളിൽ പ്രവേശനം ലഭിച്ച അയിത്തജാതിക്കാരായ കൃഷ്ണന് പേരിനൊപ്പം ജാതിസൂചകനാമമില്ലാതിരുന്നതിനാൽ സഹപാഠികളാൽ പരിഹാസ്യനാവുകയും അതിൽ മനം നൊന്ത് കറുപ്പൻ മാസ്റ്ററുടെ നിർദ്ദേശാനുസരണം ധീവരൻ എന്ന പദം പേരിനൊപ്പം കൂട്ടിച്ചേർക്കുകയും ചെയ്തു[4]. ധീവരന്റെ ആംഗലവത്കരണമാണ് ഡീവർ എന്ന്

അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ അഭിപ്രായപ്പെടുന്നു (ഗോപാലൻ, 1993: 16). സവർണ്ണർ മാത്രം ജാതിസൂചക പദങ്ങൾ നാമത്തോടൊപ്പം ഉപയോഗിച്ചിരുന്ന ആ കാലത്ത് സ്വന്തം പേരിലൂടെ വിപ്ലവം സൃഷ്ടിച്ച പി.കെ. ഡീവർ പിന്നീട് സാമൂഹികപരിഷ്കരണപ്രവർത്തനങ്ങളിൽ പങ്കാളിയായി. അരയൻ, വാലൻ, മുക്കുവൻ, മുകയൻ, നുളയൻ എന്നിങ്ങനെ വ്യത്യസ്ത നാമങ്ങളിലായി ചിതറിക്കിടന്ന ജനതയെ ഒന്നിപ്പിക്കുന്നതിനായി സമസ്ത കേരള അരയമഹാസഭ, അഖില കേരള അരയ വംശോദ്ധാരണി സഭ തുടങ്ങിയ പേരുകളിൽ രൂപംകൊണ്ട ചെറുതും വലുതുമായ സംഘടനകളിലെ സജീവപ്രവർത്തകനായിരുന്നു അദ്ദേഹം. സാമൂഹിക പരിഷ്കരണം ലക്ഷ്യമാക്കി 1917-ൽ ഡോക്ടർ വേലുക്കുട്ടി അരയൻ ആരംഭിച്ച 'അരയൻ' പത്രത്തിന്റെ സഹപത്രാധിപരായി കുറച്ചുനാൾ സേവനം അനുഷ്ഠിക്കുകയും പിന്നീട് 'ധർമ്മകാഹളം', 'വീരകേസരി' എന്നീ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുകയും ചെയ്തു. പത്രപ്രവർത്തകൻ, തൊഴിലാളി നേതാവ്, മുനിസിപ്പൽ കൗൺസിലർ, നിയമസഭാംഗം, കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലെ ഡപ്യൂട്ടി പ്രസിഡണ്ട് എന്നിങ്ങനെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ച ഡീവർ ടാറ്റാ, ബർമ്മാഷെൽ, എസ്.വി.ഒ.സി. എന്നീ കമ്പനികളിലെ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവിടങ്ങളിൽ ട്രേഡ് യൂണിയന് തുടക്കം കുറിക്കുകയും ചെയ്തു. '1940-കളിൽ കൊച്ചിയിലെ പ്രഗത്ഭരായ തൊഴിലാളി നേതാക്കൾ കെ.കരുണാകരൻ, പനമ്പിള്ളി ഗോവിന്ദ മേനോൻ, ചൊവ്വര പരമേശ്വരൻ പിള്ള, പി.കെ. ഡീവർ എന്നിവരായിരുന്നു. ഇവരിലെല്ലാം ആദ്യമായി തൊഴിലാളി ട്രേഡ് യൂണിയൻ രംഗത്തിറങ്ങിയത് ഡീവറായിരുന്നു. അചഞ്ചലമായ തത്ത്വദീക്ഷയും അസുലഭമായ ആർദ്രതയുംകൊണ്ടു തെളിമയാർന്ന വിശിഷ്ടവ്യക്തിത്വമായിരുന്നു ഡീവറുടേതെന്ന് അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയും പ്രശ്നങ്ങളോടുള്ള സമീപനരീതിയും വിളിച്ചറിയിക്കുന്നു'' (ഗോപാലൻ, 1993: 142).

പണ്ഡിറ്റ് കെ.പി. കറുപ്പന്റെ ജ്യേഷ്ഠനായ കുട്ടപ്പനും സമുദായ പരിഷ്കരണശ്രമങ്ങളിൽ ഭാഗഭാക്കായ വ്യക്തിയാണ്. ആലത്തൂർ കേന്ദ്രമാക്കി പ്രവർത്തിച്ച ബ്രഹ്മാനന്ദ ശിവയോഗിയുടെ ആനന്ദമത[5]ത്തിൽ ആകൃഷ്ടനായ അദ്ദേഹം ശിവയോഗിയുടെ ശിഷ്യത്വം സ്വീകരിക്കുകയും ആനന്ദയോഗി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. സമുദായത്തിൽ നിലനിന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലായ്മ ചെയ്യാനാണ് അദ്ദേഹം ശ്രമിച്ചത്. അതിനുള്ള കരുത്തുപകർന്നത് ആനന്ദമതത്തിന്റെ ആശയധാരകളാണ്.

'വിഗ്രാഹാരാധനയെ എതിർക്കുകയും തന്നിൽതന്നെ ഈശ്വരൻ കുടികൊള്ളുന്നു എന്നുള്ള തത്ത്വത്തിൽ വിശ്വസിക്കുകയും ചെയ്തിരുന്ന ആനന്ദമതക്കാർക്ക് എറണാകുളത്തും പരിസരത്തും കഠിനമായി എതിർപ്പാണ് അഭിമുഖീകരിക്കേണ്ടിവന്നത്. പക്ഷേ, ആനന്ദയോഗിയുടെ രംഗപ്രവേശം ഈ എതിർപ്പുകളെ തൃണപ്രായമാക്കി. അദ്ദേഹത്തിനും അനുജൻ കറുപ്പനും ഉണ്ടായിരുന്ന ജനസ്വാധീനം ആനന്ദമതവിശ്വാസികളുടെയും സംഘങ്ങളുടെയും എണ്ണം പെരുപ്പിച്ചു. നിരന്തരമായ യാത്ര, സന്യാസത്തിന്റെയും രാജയോഗത്തിന്റെയും ആനന്ദമതത്തിന്റെയും മേന്മകൾ പ്രചരിപ്പിക്കുക എന്നീ പ്രവൃത്തികളിൽ അദ്ദേഹം ആകണ്ഠം മുഴുകി. അഭിഭാഷകർ, ഭിഷഗ്വരന്മാർ, സാമൂഹിക പ്രവർത്തകർ എന്നിങ്ങനെ ഒട്ടനവധിപേർ ആനന്ദമതവിശ്വാസികളും പ്രചാരകരുമായി'' (ചന്ദ്രഭാനു, 1993: 131).

സമൂഹനവീകരണത്തിനായി ആനന്ദമതത്തിന്റെ ആശയങ്ങളെ കൂട്ടുപിടിച്ച ആനന്ദയോഗിക്ക് മതസ്ഥാപനത്തിൽനിന്നും ചില ആരോപണങ്ങൾ നേരിടേണ്ടിവന്നു. ജാതീയമായ കാഴ്ചപ്പാടോടെ മത്സ്യത്തൊഴിലാളി സംഘത്തിന്റെ രക്ഷാധികാരിയായി പ്രവർത്തിച്ചു എന്നതും ഇടക്കൊച്ചിയിലെ ഒരു ക്ഷേത്രത്തിൽ വിഗ്രഹപ്രതിഷ്ഠ നടത്തി എന്നതും ആയിരുന്നു പ്രധാന ആരോപണങ്ങൾ. ഇതിന്റെ പേരിൽ മതാധികാരികൾ അദ്ദേഹത്തെ ആനന്ദമതത്തിൽ നിന്നും പുറത്താക്കി. എന്നാൽ തുടർന്നും അവശജനവിഭാഗങ്ങളെ പ്രത്യേകിച്ച് അരയ-പുലയ വിഭാഗങ്ങളെ സംഘടിപ്പിച്ച് ആനന്ദസമാജങ്ങൾ സ്ഥാപിക്കുകയും പണ്ഡിറ്റ് കറുപ്പന്റെ സാമൂഹികപ്രവർത്തനങ്ങളിൽ പങ്കാളിയാകുകയും ചെയ്തു. കൊച്ചിയിലെ അരയർക്കിടയിൽ നിലനിന്ന ഉപജാതി വ്യത്യാസത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിന് ആനന്ദയോഗിയുടെ പ്രവർത്തനങ്ങൾ സഹായകമായി.

തിരുവിതാംകൂറിൽ കരുനാഗപ്പള്ളി കേന്ദ്രീകരിച്ചാണ് അരയനവോത്ഥാനശ്രമങ്ങൾ ആരംഭിച്ചത്. 1908-ൽ ചെറിയഴീക്കൽ കേന്ദ്രീകരിച്ച് അരയർ സംഘടിക്കുകയുണ്ടായി. അഴീക്കൽ കാളിശ്ശേരി വേലായുധപ്പണിക്കരായിരുന്നു സംഘടനയുടെ അധ്യക്ഷൻ. സമുദായപരിഷ്കരണം ലക്ഷ്യമിട്ടു തുടങ്ങിയ ആ പ്രാദേശികസംഘടനയുടെ പ്രവർത്തനം മൂന്നുവർഷത്തിനുശേഷം പൂർണ്ണമായും നിലച്ചു. എന്നാൽ പ്രസ്തുത സംഘടനയുടെ പ്രധാന സംഘാടകരിലൊരാളായ വി.വി. വേലുക്കുട്ടി അരയൻ അതേവർഷം സ്ഥാപിച്ച വിജ്ഞാനസന്ദായിനി എന്ന ഗ്രന്ഥശാല ഇന്നും പ്രവർത്തനനിരതമാണ്. 1909-ൽ വേലായുധപ്പണിക്കരെ

ശ്രീമൂലം പ്രജാസഭയിലേയ്ക്ക് അരയപ്രതിനിധിയായി നോമിനേറ്റ് ചെയ്തു. പിന്നീടും ആ പദവിക്ക് അദ്ദേഹം അർഹനായിട്ടുണ്ട്. 1928-ൽ കരുനാഗപ്പള്ളി വടക്കേ നിയോജകമണ്ഡലത്തിൽനിന്ന് പണിക്കർ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം നടത്തിയ പരിവർത്തനങ്ങളെ സാമൂഹ്യ പ്രവർത്തകനും പ്രദേശവാസിയുമായ കെ.എസ്. കുഞ്ഞരയൻ അനുസ്മരിക്കുന്നുണ്ട്: വേലായുധപ്പണിക്കർക്കെതിരെ മത്സരിച്ചത് സവർണസമുദായാംഗമാണ്. തെരഞ്ഞെടുപ്പുമണ്ഡലത്തിന്റെ പരിധിയിൽ വോട്ടുള്ള അരയന്മാർ കുറവായിരുന്നിട്ടുകൂടി അദ്ദേഹം ജയിച്ചു. മരയ്ക്കാൻമാരെ പ്രതിനിധീകരിച്ച അദ്ദേഹം അസംബ്ലിയിലിരുന്നുകൊണ്ടു വരുത്തിയ പരിഷ്കരണശ്രമമാണ് ധീവരനാമം. സർക്കാരിന്റെ സമ്മതം നേടിയെങ്കിലും മരയ്ക്കാനു പകരം ധീവരൻ എന്ന പേര് അംഗീകരിക്കാൻ പലരും മടികാട്ടി. എങ്കിലും അദ്ദേഹത്തിന്റെ സ്വാധീനമേഖലയിൽ അതിനംഗീകാരം ലഭിച്ചു .

ഈ ആവേദകമൊഴിയിൽനിന്ന് രണ്ടു വസ്തുതകളാണ് വെളിവാകുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം വരെയും മരയ്ക്കാൻ എന്നപേരിൽ അരയൻ അറിയപ്പെട്ടിരുന്നുവെന്നും മരയ്ക്കാനുപകരം ധീവരനാമം കൊണ്ടുവരാനാണ് വേലായുധപ്പണിക്കർ ശ്രമിച്ചതെന്നും. മരക്കലം (കപ്പൽ, തോണി, ഉരു എന്നീ അർത്ഥങ്ങൾ ആണ് ശബ്ദതാരാവലി നൽകുന്നത്) ഉപയോഗിച്ചിരുന്നതുകൊണ്ടാണ് മരക്കലർ എന്നും അതിൽ നിന്ന് പിന്നീട് മരയ്ക്കാൻ എന്നും അരയൻ അറിയപ്പെട്ടത്. 'കപ്പലോട്ടവും നാവികവാണിജ്യവും തൊഴിലാക്കിയപ്പോൾ മരക്കലർ എന്ന പേരുണ്ടായി. അതിന്റെ തത്ഭവമാണ് മരയ്ക്കാന്മാർ. അമ്പത്തഞ്ചു കൊല്ലം കഴിഞ്ഞിട്ടേയുള്ളൂ മരക്കലം കൊണ്ടുള്ള മീൻപിടുത്തം മധ്യതിരുവിതാംകൂറിലുള്ളവർ നിർത്തിവച്ചിട്ട്. ഈ മരക്കലത്തിന് പാറ് എന്നാണ് മലയാളത്തിലുള്ള പേര്'' (വേലുക്കുട്ടി അരയൻ, 1956 : 34).

പ്രാദേശിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പല പ്രവർത്തനങ്ങൾക്കും കാളിശ്ശേരി നേതൃത്വം നല്കി. അഴീക്കൽ-താമരക്കുളം റോഡ്, അഴീക്കൽ മിഡിൽ സ്കൂൾ എന്നിവ തുടങ്ങുന്നതിന് അദ്ദേഹം പ്രധാന പങ്കുവഹിച്ചു. ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിന്റെ ഭരണസമിതി വികസിപ്പിക്കുന്നതിനും മുന്നിട്ടിറങ്ങിയത് കാളിശ്ശേരിയാണ്. പഴയ ഓടനാട്ടിലെ (ഓണാട്ടുകര) 52 കരകളിലെ പ്രതിനിധികൾ ചേർന്നതാണ് ഓച്ചിറ ഭരണസമിതി. അവിടെ വൃശ്ചികമാസത്തിൽ നടക്കുന്ന പന്ത്രണ്ടു വിളക്കു മഹോത്സവം ഈ കരക്കാർ ചേർന്നാണ് നടത്തുന്നത്. അവിടെ ഒമ്പതാം ദിവസത്തെ ഉത്സവം നടത്തുന്നതിനുള്ള അവകാശം

ആലപ്പാട്ടരയന്മാർക്കാണ്. അതിന് അവരെ അർഹരാക്കിയത് വേലായുധപ്പണിക്കരുടെ പരിശ്രമമാണെന്ന് കാണാം.

തിരുവിതാംകൂറിലെ അരയസമുദായാംഗങ്ങൾക്കിടയിൽ സഹകരണസംഘത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും സംഘങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിനും മുൻഗണന നല്കി സമുദായോന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ച വ്യക്തിയാണ് ആലപ്പുഴ കൊടിവീട്ടിൽ സി. രാമൻകുഞ്ഞ്. ആലപ്പുഴയിൽ ഒരു സഹകരണ സംഘം സ്ഥാപിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് കലവൂർ, പുന്നപ്ര, കക്കാഴം, പുറക്കാട്, വാസുദേവപുരം, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ, തറയിൽക്കടപ്പുറം, അഴീക്കൽ, പറയകടവ്, കുഴിത്തുറ, ആലപ്പാട്, ചെറിയഴീക്കൽ, പണ്ടാരത്തുരുത്ത്, വെള്ളനാതുരുത്ത് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് സഹകരണസംഘത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുകയും അവിടൊക്കെ സംഘങ്ങൾ ആരംഭിക്കുകയും ചെയ്തു. 1921-ൽ അരയരുടെ പ്രതിനിധിയായി നിയമസഭയിൽ എത്തിയ കെ.സി. രാമൻകുഞ്ഞിന്റെ പ്രവർത്തനങ്ങൾ സമുദായപുരോഗതിക്ക് വളരെയധികം സഹായകമായിട്ടുണ്ട്. സഹകരണ പ്രസ്ഥാനരംഗത്ത് രാമൻകുഞ്ഞിന്റെ പ്രധാന സഹായിയായി വർത്തിച്ചത് തിരുവിതാംകൂറിലെ അരയസമുദായത്തിൽ നിന്നും ആദ്യമായി എസ്.എസ്.എൽ.സി. പാസായ കുഴിത്തുറ കെ.കുമാരൻ ആയിരുന്നു. മത്സ്യവ്യവസായത്തിലും സഹകരണപ്രസ്ഥാനത്തിലും വിദഗ്ധപരിശീലനം നേടിയ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 1923-ൽ അമ്പലപ്പുഴയിൽ വച്ച് സമസ്ത തിരുവിതാംകൂർ അരയ-വാല സഹകരണസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. റാവു ബഹദൂർ വി. ഗോവിന്ദൻ അധ്യക്ഷനായിരുന്ന പ്രസ്തുത സമ്മേളനം മത്സ്യബന്ധകർക്കും മത്സ്യവ്യവസായികൾക്കും പുതിയ ദിശാബോധം നല്കുന്നതിന് സഹായകമായി(ഗോപാലകൃഷ്ണൻ, 1973: 1297-1298).

അരയരുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കിയ ഡോ. വി.വി. വേലുക്കുട്ടി അരയൻ കേരളത്തിലെ അരയജനതയെ സംഘടിപ്പിക്കുന്നതിനായി ആലപ്പുഴയിൽ വച്ച് 1918-ൽ അഖിലകേരള അരയസമ്മേളനം നടത്തുകയുണ്ടായി. കെ.പി. കറുപ്പന്റെയും മറ്റും സഹകരണം ഉണ്ടായെങ്കിലും പ്രതീക്ഷിച്ച വിജയം കൈവരിക്കാൻ അതിനായില്ല. എങ്കിലും 1922-ൽ വേലുക്കുട്ടി അരയന്റെ നേതൃത്വത്തിൽ കരുനാഗപ്പള്ളിയിൽ അഖിലകേരള അരയമഹാസഭ പ്രവർത്തനം തുടങ്ങി. എന്നാൽ അധികകാലം ആ സഭക്ക് നിലനില്ക്കാൻ കഴിഞ്ഞില്ല. പിന്നീട് കെ.പി.

കറുപ്പൻ, കുഴിത്തുറ കെ. കുമാരൻ, കാഞ്ഞങ്ങാട് കെ.പി. നാരായണദാസ് എന്നിവരുടെ ശ്രമത്തിൽ 1927-ൽ ആലപ്പുഴ കേന്ദ്രീകരിച്ച് അരയവംശോദ്ധാരിണി എന്ന പേരിൽ ഒരുസംഘടന രൂപം കൊണ്ടു. വി.ഗോവിന്ദൻ അധ്യക്ഷസ്ഥാനം വഹിച്ച പ്രസ്തുതസംഘടന അരയജനതയുടെ ഐക്യവും സാമൂഹിക പുരോഗതിയുമാണ് ലക്ഷ്യമാക്കിയത്. കൊടുങ്ങല്ലൂരിലെ ആനാപ്പുഴ, മലബാറിലെ ഏങ്ങണ്ടിയൂർ, കൊച്ചിയിലെ ചെറായി എന്നിവിടങ്ങളിൽ പല കാലങ്ങളായി അതിന്റെ വാർഷിക സമ്മേളനങ്ങൾ നടത്തുകയും കുഴിത്തുറ കെ. കുമാരൻ, കെ.പി. നാരായണദാസ്, വി.വി.ഗോവിന്ദൻ, വി.വി. ലക്ഷ്മി, പി.കെ. ഡീവർ, സി.കെ. എസ്. മണി എന്നിവർ അതിന് നേതൃത്വം വഹിക്കുകയുമുണ്ടായി. 1930-കളിൽ കേരളത്തിലുണ്ടായ സാമൂഹിക മാറ്റങ്ങൾ പൊതുപ്രവർത്തകർ രാഷ്ട്രീയത്തിലേക്കു തിരിയുന്നതിന് ഇടയാക്കി. അത് അരയവംശോദ്ധാരിണിയുടെ അസ്തമനത്തിനും നിമിത്തമായി.

പ്രസ്തുത സാഹചര്യത്തെ പി.ഗോവിന്ദപ്പിള്ള ഇങ്ങനെ വിലയിരുത്തുന്നു.

"കൊടുങ്ങല്ലൂരിലും ഏങ്ങണ്ടിയൂരും മറ്റും വച്ച് ചില സമ്മേളനങ്ങൾ കൂടി നടന്നെങ്കിലും 1930-കളിലെ രാഷ്ട്രീയ സംഭവവികാസങ്ങൾ സമുദായ സംഘടനകളിൽനിന്ന് ജനങ്ങളുടെ ശ്രദ്ധയെ രാഷ്ട്രീയത്തിലേയ്ക്കും വർഗ്ഗസംഘടനകളിലേയ്ക്കും തിരിച്ചുവിട്ടു. 1936-ലെ തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരവും 1938-ലെ സ്റ്റേറ്റ് കോൺഗ്രസ് പ്രക്ഷോഭണവും കൊച്ചിയിലെ കോൺഗ്രസ് പ്രവർത്തനവും 1937-ലെ മലബാർ ഉൾപ്പെടെയുള്ള മദിരാശി പ്രവിശ്യയിൽ അധികാരത്തിലെത്തിയ കോൺഗ്രസ്സ് സർക്കാരും ഇടതുപക്ഷ മുന്നേറ്റങ്ങളും മറ്റുമാണ് രാഷ്ട്രീയ കാലാവസ്ഥയെ മാറ്റിത്തീർത്തത്. പിൽക്കാലത്ത് ട്രേഡ് യൂണിയൻ അടിസ്ഥാനത്തിലുള്ള സംഘടനകളിലേയ്ക്കാണ് തൊഴിലാളികൾ ആകൃഷ്ടരായത്" (2003: 121-122).

അരയർക്കിടയിൽ അവിടെവിടെയായി പല സംഘടനകൾ ഉണ്ടാകുകയും സമുദായനവീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്തുവെങ്കിലും അവയെല്ലാം കാലാന്തരത്തിൽ മണ്ണടിയുകയാണുണ്ടായത്. മുമ്പത്തെ ഘടകങ്ങളോടൊപ്പം തന്നെ സമുദായത്തിനുള്ളിലെ വേർതിരിവുകളും മതപരിവർത്തനശ്രമങ്ങളും സുദൃഢമായ ഒരു സംഘടനയ്ക്ക് തടസ്സം സൃഷ്ടിച്ചു. പിന്നീട് 1975-ൽ മാത്രമാണ് കേരളത്തിലുടനീളമുള്ള അരയസമൂഹങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് അഖിലകേരള ധീവരസഭ എന്ന പേരിൽ ഒരു സംഘടന പ്രവർത്തനം തുടങ്ങുന്നത്.

മുകളിൽ പരാമർശിച്ചവരെ കൂടാതെ കുഴിത്തുറ കെ. വേലായുധൻ, അഴീക്കൽ മാത്തശ്ശേരിൽ ശങ്കരൻ അരയൻ, ഉളികശ്ശേരിൽ ശങ്കരൻ അരയൻ, എൻ.വി. പുതുമണ്ണേൽ, കെ.എസ്. കുഞ്ഞരയൻ, തൃക്കുന്നപ്പുഴ ഭാർഗ്ഗവൻ അരയൻ, വിശ്വഭവനം പുഷ്കരൻ, കരമന കേശവൻ തുടങ്ങിയവർ അരയനവോത്ഥാനം ലക്ഷ്യമാക്കി തിരുവിതാംകൂറിൽ പ്രവർത്തിച്ചവരാണ്. കാളിശ്ശേരിൽ വേലായുധപ്പണിക്കർ, കെ.സി. രാമൻകുഞ്ഞ്, കുഴിത്തുറ കെ. വേലായുധൻ എന്നിവർ ശ്രീമൂലം പ്രജാസഭയിൽ അംഗങ്ങളായിരുന്നു. കൊച്ചിയിലാകട്ടെ കെ.പി. കറുപ്പൻ, ശങ്കുണ്ണി, സി.കെ.എസ്. മണി, പി.കെ. ഡീവർ, കണക്കാട്ടുശ്ശേരി, കെ.പി. രാഘവൻ, കെ.എ. അച്യുതൻമാസ്റ്റർ തുടങ്ങിയവർ നിയമസഭയിൽ അരയപ്രതിനിധികളായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ പി.വി. ഗോപാലൻ, വി.ഗോവിന്ദൻ എന്നിവർക്ക് പുറമെ എം.സി. ഉണ്ണിച്ചേയി, എം.സി. മാധവൻ, പി. ശേഖരൻ എന്നിവരും സമുദായസേവനം ലക്ഷ്യമാക്കി പ്രവർത്തിക്കുകയുണ്ടായി. സ്വാതന്ത്ര്യാനന്തരം കരുനാഗപ്പള്ളി സംവരണമണ്ഡലത്തിൽ നിന്നും എം.എൽ.എ. സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ് ഇ.ഭാസ്കരൻ. പിന്നീട് വി. ദിനകരൻ, എ.വി. താമരാക്ഷൻ, എസ്.ശർമ്മ, ടി.എൻ. പ്രതാപൻ എന്നീ അരയസമുദായാംഗങ്ങൾ പല കാലങ്ങളിലായി നിയമസഭയിൽ എത്തുകയുണ്ടായി. അതിൽ ശർമ്മ വൈദ്യുതി, രജിസ്ട്രേഷൻ, മത്സ്യവകുപ്പുകളുടെ മന്ത്രിയായി സേവനം അനുഷ്ഠിച്ചു.

അരയസമുദായത്തിലുണ്ടായ നവോത്ഥാനശ്രമങ്ങൾ പല മാറ്റങ്ങൾക്കും നിമിത്തമായി. പരസ്പരം തൊട്ടുണ്ണുകയോ വിവാഹബന്ധത്തിലേർപ്പെടുകയോ ചെയ്യാതെ അകലം പാലിച്ചിരുന്ന സമുദായത്തിലെ അവാന്തരവിഭാഗങ്ങൾക്കിടയിൽ മിശ്രഭോജനത്തിലൂടെയും മിശ്രവിവാഹത്തിലൂടെയും ഉണർവ്വ് പകരാനായി. മറ്റു സമൂഹങ്ങളിലെന്നപോലെ അരയർക്കിടയിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യുന്നതിനും വിദ്യാഭ്യാസത്തിലൂടെ മാത്രമേ സാമൂഹിക പുരോഗതി നേടിയെടുക്കാൻ കഴിയൂ എന്ന ചിന്ത വളർത്തിയെടുക്കുന്നതിനും ഇരുപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ നടന്ന സാമൂഹിക പരിഷ്കരണ ശ്രമങ്ങളിലൂടെ സാധ്യമായി.

## ഗ്രന്ഥസൂചി

1. കൃഷ്ണൻ, കെ.എ., 1981, പണ്ഡിറ്റ് കറുപ്പനും മലയാളകവിതയും, എൻ.ബി.എസ്., കോട്ടയം
2. ഗോപാലൻ, ഏറ്റുമാനൂർ, 1993, ഡീവർ എന്ന കർമ്മധീരൻ, എൻ.ബി.എസ്., കോട്ടയം

3. ഗോപാലകൃഷ്ണൻ, പി.കെ., 1973, അരയസമുദായത്തിന്റെ നവോത്ഥാനം, കേരളചരിത്രം വാല്യം1 ,കേരള ഹിസ്റ്ററി അസോസിയേഷൻ,കൊച്ചി
4. ഗോവിന്ദപിള്ള, പി., 2003, കേരളനവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം
5. ചന്ദ്രഭാനു,എം.എ., 1993, ആനന്ദസ്വാമി യോഗികൾ ,എടക്കൊച്ചി ജ്ഞാനോദയം സഭ പ്ലാറ്റിനംജ്യൂബിലി സ്മരണിക, സ്മരണികക്കമ്മറ്റി, എടക്കൊച്ചി
6. വാലത്ത് വി.വി.കെ., 1985, പണ്ഡിറ്റ് കറുപ്പൻ, കേരള ഹിസ്റ്ററി അസോസിയേഷൻ, കൊച്ചി
7. വിജയൻ, എം.എൻ., 2000, നവോത്ഥാനത്തിന്റെ പാഠങ്ങൾ, നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം 1991-200, വാല്യം 2, കേരളസാഹിത്യ അക്കാഡമി, തൃശ്ശൂർ
8. വേലുക്കുട്ടി അരയൻ, വി.വി., 1956, ചെമ്മീൻ ഒരു നിരൂപണം, കലാകേരളം പബ്ലിക്കേഷൻസ്, തിരുവനന്തപുരം.

## കുറിപ്പുകൾ

1. ഇന്ത്യയിലാദ്യമായി മത്സ്യവകുപ്പ് രൂപീകരിച്ചത് 1905 ൽ മദ്രാസ് പ്രവിശ്യയിലാണ്. അതിന്റെ ആദ്യ ഡയറക്ടറായിരുന്ന ഫ്രെഡറിക് നിക്കോൾസൺ.
2. ബാലാകലേശ വാദം, അക്ഷരരത്നിക പ്രസ്, കുന്ദംകുളം
3. ലങ്കാമർദനം, എഡ്വേർഡ് വിജയം, കാളിയമർദനം, സ്തോത്രമന്ദാരം, ശാകുന്തളം വഞ്ചിപ്പാട്ട്, ഭൈമീപരിണയം, തുടങ്ങിയ നിരവധി കൃതികൾ കറുപ്പന്റേതായിട്ടുണ്ട്.
4. ഡീവർക്ക് മുമ്പ് അരയസമുദായത്തിൽ ജാതിസൂചകമായ പദം പേരിനൊപ്പം സ്വയം കൂട്ടിച്ചർത്തത് വേലുക്കുട്ടി അരയനാണ്. എന്നാൽ ധീവരൻ എന്ന പദം ആദ്യം ഉപയോഗിച്ചത് പി കൃഷ്ണനായിരുന്നു.
5. ബ്രഹ്മാനന്ദ ശിവയോഗിയാണ് ആനന്ദമഹാസഭയും ആനന്ദമതവും സ്ഥാപിച്ചത്. യുക്തിവാദിയായ അദ്ദേഹം വിഗ്രഹാരാധന, അന്ധവിശ്വാസം എന്നിവ ഉൾക്കൊള്ളുന്ന ഇതരമതങ്ങളെ നിഷേധിക്കുകയും ആനന്ദമതം പ്രചരിപ്പിക്കുകയും ചെയ്തു. മനസിനെ നിയന്ത്രിക്കുന്നതിലൂടെ ദുഃഖത്തെ നിയന്ത്രിച്ച് ആനന്ദിത്തിലെത്തിച്ചാരം എന്നതാണ് അദ്ദേഹത്തിന്റെ വാദം.